## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 93 | 28.05.2019- ൽ മറുപടിയ്ക്ക്

### നോർക്ക നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | നോർക്ക വഴി നടപ്പിലാക്കുന്ന കാരുണ്യ, സാന്ത്വന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ നിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി വ്യവസ്ഥകൾക്കു വിധേയമായി ഒരു ലക്ഷം രൂപ വരെയും, വിദേശത്തു നിന്നും തിരികെയെത്തിയ പ്രവാസികളിൽ നിരവധി രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000/- രൂപവരെയും നൽകി വരുന്നു. പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും കൃത്രിമക്കാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിനു പരമാവധി 10,000/- രൂപ വരെ നൽകുന്നു.<br>പ്രവാസികളായ കേരളീയരുടെ (ഇന്ത്യക്ക് പുറത്തോ, കേരളത്തിനു പുറത്ത് |

| | | | |
|---|---|---|---|
| | | | ഇതര സംസ്ഥാനങ്ങളിലുള്ളവർ) മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് കാരുണ്യം. പ്രവാസി കേരളീയന്റെ മൃതദേഹം വിമാനത്തിലോ, ട്രെയിനിലോ, മറ്റേതെങ്കിലും വാഹനത്തിലോ ചെലവു കുറഞ്ഞ രീതിയിൽ എത്തിക്കുന്നതിനു മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് ധനസഹായം നൽകുന്നത്. മരണമടഞ്ഞ പ്രവാസികൾക്കോ, ബന്ധുക്കൾക്കോ മറ്റൊരു മാർഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിലാണ് ഈ സഹായം നൽകുന്നത്.<br>മൃതദേഹം നാട്ടിൽ എത്തിച്ച ശേഷം ചെലവായ തുക പിന്നീട് കാരുണ്യം പദ്ധതി വഴി അനുവദിക്കുകയാണ് ചെയ്യുന്നത്. വിദേശത്തു നിന്ന് മൃതദേഹം കൊണ്ടു വരുന്നതിന് പരമാവധി 50,000/- രൂപയും, ഇന്ത്യയിൽ ഇതര സംസ്ഥാനത്തു നിന്നും കൊണ്ടുവരുന്നതിന് പരമാവധി 15,000/- രൂപയും ധനസഹായമായി ലഭിക്കുന്നതാണ്. |
| ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം ലഭിച്ച ഒരാൾക്ക് പ്രസ്തുത പദ്ധതികളിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | ബി) | ഉണ്ട്. സാന്ത്വന പദ്ധതിയുടെ മാർഗരേഖ പ്രകാരം, മറ്റു യാതൊരു മാർഗ്ഗവുമില്ലാത്ത അഗതികൾക്കാണ് ധനസഹായം അനുവദിച്ചു വരുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാരുണ്യ ബനിവലന്റ് പദ്ധതിയിൽനിന്നും മറ്റും സർക്കാർ സഹായം ലഭിച്ചിട്ടുള്ളവർക്ക് സാന്ത്വന പദ്ധതി പ്രകാരം ഇക്കാരണം കൊണ്ടുതന്നെ വീണ്ടും ധനസഹായം അനുവദിക്കാറില്ല. |
| സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം കൈപ്പറ്റുകയും ശേഷം പ്രസ്തുത പദ്ധതികളിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ | സി) | സാന്ത്വനപോലെ ആയിരക്കണക്കിന് ഗുണഭോക്താക്കൾക്ക് സഹായം നൽകുന്ന പദ്ധതിയിൽ ഒരു പ്രത്യേക കാരണംകൊണ്ട് ധനസഹായം |

| | | | |
|---|---|---|---|
| | സമർപ്പിക്കുകയും ചെയ്തവരിൽ അപേക്ഷ നിരസിക്കപ്പെട്ടവരുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ? | | നിരസിക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ